©
കേരള സർക്കാർ
Government of Kerala
2020

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസററ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2020 ജൂലൈ 7<br>7th July 2020<br>1195 മിഥുനം 23<br>23rd Mithunam 1195<br>1942 ആഷാഢം 16<br>16th Ashadha 1942 | നമ്പർ<br>No. | 27 |

# PART III

# Co-operative Department

### ഇടുക്കി ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) പുറപ്പെടുവിക്കുന്ന ഉത്തരവ്

നമ്പർ എസ്.സി.റ്റി.എം. 1022/2020. 2020 മേയ് 8.

വിഷയം :—ഐ. 266—ദേവികുളം ബ്ലോക്ക് വനിതാ സഹകരണ സംഘം സമാപ്തീകരണം—ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന :—(1) കേരള സഹ. നിയമം വകുപ്പ് 66 പ്രകാരമുള്ള 21-1-2017-ലെ അന്വേഷണ റിപ്പോർട്ട്.

(2) കേരള സഹ. നിയമം വകുപ്പ് 65 പ്രകാരമുള്ള 8-5-2018-ലെ അന്വേഷണ റിപ്പോർട്ട്.

(3) ബഹു. കേരള ഹൈക്കോടതിയുടെ 20-1-2020-ലെ 36420/15 നമ്പർ റിട്ട് ഹർജി-വിധിന്യായം.

ഐ. 266-ാം നമ്പർ ദേവികുളം ബ്ലോക്ക് വനിതാ സഹകരണസംഘത്തെ സംബന്ധിച്ച് കേരള സഹകരണ നിയമം വകുപ്പ് 66, വകുപ്പ് 65 അന്വേഷണങ്ങൾ നടത്തി സൂചന (1), (2) പ്രകാരം റിപ്പോർട്ട് ലഭിച്ചിട്ടുള്ളതാണ്. ആയതുപ്രകാരം സംഘം നിലവിൽ പ്രവർത്തനരഹിതമാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്.

ടി സംഘത്തിൽ നിക്ഷേപിച്ച തുക തിരികെ ലഭിക്കുന്നതിന് നിക്ഷേപക ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)36420/15 നമ്പർ കേസിന്റെ വിധിന്യായം സൂചന (3) പ്രകാരം ലഭിച്ചിരിക്കുന്നു. ആയതുപ്രകാരം ഐ. 266-ാം നമ്പർ ദേവികുളം ബ്ലോക്ക് വനിതാ സഹകരണസംഘത്തിൽ കേരള സഹകരണ നിയമം വകുപ്പ് 71 മുതൽ 73 വരെയുള്ള നടപടിക്രമങ്ങൾ നടപ്പിലാക്കുന്നതിന് ബഹു. കോടതി ഉത്തരവായിരിക്കുന്നു. ബഹു. കേരള ഹൈക്കോടതിയുടെ വിധിന്യായം നടപ്പിലാക്കുന്നതിനായി ടി സംഘം സമാപ്തീകരിക്കുന്നതിന് കേരള സഹകരണ നിയമപ്രകാരം എന്നിൽ നിക്ഷിപ്തമായ അധികാരമുപയോഗിച്ച് താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ്**

ഐ. 266-ാം നമ്പർ ദേവികുളം ബ്ലോക്ക് വനിതാ സഹകരണസംഘത്തിന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നതിനും സമാപ്തീകരണ നടപടികൾ പൂർത്തിയാക്കുന്നതിനും 'ദേവികുളം യൂണിറ്റ് ഇൻസ്പെക്ടറെ' ലിക്വിഡേറ്ററായി നിയമിച്ചുകൊണ്ടും യഥാക്രമം കേരള സഹകരണ നിയമം വകുപ്പ് 71 (1), 72 (1) എന്നീ വകുപ്പുകൾ പ്രകാരം ഇതിനാൽ ഉത്തരവാകുന്നു. ലിക്വിഡേറ്റർ ഉടൻതന്നെ ചാർജ്ജെടുക്കേണ്ടതും ചാർജ്ജെടുക്കുന്ന തീയതിയിലെ ബാക്കിപത്രം, ചാർജ്ജ് ലിസ്റ്റിന്റെ പകർപ്പ് എന്നിവ സഹിതം ചാർജ്ജെടുത്ത വിവരം ഈ ഓഫീസിൽ ഉടൻതന്നെ റിപ്പോർട്ട് ചെയ്യേണ്ടതും നിയമാനുസൃത സമാപ്തീകരണ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതുമാണ്.

സൂചന (3) വിധിന്യായം പാലിച്ചു കൊണ്ടായിരിക്കണം ലിക്വിഡേറ്റർ സമാപ്തീകരണ നടപടികൾ പൂർത്തിയാക്കേണ്ടത്.

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ
(ജനറൽ)-ടെ കാര്യാലയം, ഇടുക്കി.

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ (ജനറൽ).